കൊല്ലം ജില്ലാ ആശുപത്രിയിൽ പോലീസ് സർജന്റെ ഒഴിവ്

159 (T3791) ശ്രീ. പി.കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്ന പോലീസ് സർജന്റെ ഒഴിവ് വന്നിട്ട് മൂന്ന് വർഷത്തിലധികമായിട്ടും പ്രസ്തുത ഒഴിവ് നികത്താതിരിക്കുന്നതിനുള്ള കാരണം അറിയിക്കുമോ ;

(ബി) ജില്ലാശുപത്രിയിൽ പോലീസ് സർജന്റെ സേവനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയ അവസരത്തിൽ ഫോറൻസിക് മെഡിസിനിൽ ഒരു കൺസൾട്ടന്റ് തസ്തിക സൃഷ്ടിച്ചിരുന്നു. എന്നാൽ തസ്തികകൾ പുനർനിർണ്ണയിച്ചപ്പോൾ പ്രസ്തുത തസ്തിക ത്വക്ക് രോഗ സ്പെഷ്യലിസ്റ്റിന്റേതായി ആയതിനാൽ പോലീസ് സർജൻ തസ്തിക നിലവിലില്ലാത്തതാകുന്നു.

(ബി) കൊല്ലം ജില്ലാ ആശുപത്രിയിൽ പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കുന്നമുറയ്ക്ക് സേവനം ലഭ്യമാക്കുന്നതാണ്.

പോലീസ് കംപ്ലയിന്റ് അതോറിറ്റിയിലെ പരാതികൾ

160 (3792) ശ്രീ. കെ. കുഞ്ഞുമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചു എന്നും അതനുസരിച്ച് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ എന്തൊക്കെ നടപടി എടുത്തു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പോലീസ് ഓഫീസർമാർക്കെതിരെ പ്രോസിക്യൂഷൻ നടപടിക്കുള്ള ഫയൽ ഡി.ജി.പി. ഓഫീസിൽനിന്നും കാണാതാവുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly